Genral

No. 056238

# കേരള സർക്കാർ

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആസിഡുകളുടെ കൈവശം വയ്ക്കൽ, സൂക്ഷിക്കൽ, വില്പന എന്നിവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ 454/13/ആകുവ

തീയതി, തിരുവനന്തപുരം 25.11..2013

പരാമർശം :- ശ്രീമതി. ലക്ഷ്മി സുപ്രീം കോടതിയിൽ ഫയൽ ചെയ്ത WP(criminal) 129/2006 ന്റെ 18.7.2013 ലെ കോടതി ഉത്തരവ്.

## ഉത്തരവ്

ആസിഡുകൾ മുഖേനയുള്ള ആക്രമണങ്ങൾ തടയുന്നതിനും അവയുടെ വില്പന, കൈവശം വയ്ക്കൽ എന്നിവ നിയന്ത്രിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാൻ സൂചനയിലെ ഉത്തരവിൽ സുപ്രീം കോടതി സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആസിഡുകളുടെ കൈവശം വയ്ക്കൽ, വില്പന എന്നിവ സംബന്ധിച്ച് താഴെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

1. ആസിഡുകളുടെ വില്പന നടത്തുന്ന സ്ഥാപനങ്ങൾ ലോഗ്/രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അതിൽ ആസിഡ് വാങ്ങുന്ന ആളിന്റെ പേര്, മേൽവിലാസം, ആസിഡ് വാങ്ങുന്നതിന്റെ ആവശ്യം/ഉദ്ദേശ്യം, വില്പന നടത്തിയ ആസിഡിന്റെ അളവ് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

2. ആസിഡ് വില്പന നടത്തുന്നവർ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് :
   i. ആസിഡ് വാങ്ങുന്ന ആൾ ഹാജരാക്കുന്ന സർക്കാർ നൽകിയ തിരിച്ചറിയൽ കാർഡിലെ ഫോട്ടോ, മേൽവിലാസം എന്നിവ പരിശോധിക്കേണ്ടതാണ്.
   ii. ആസിഡ് വാങ്ങുന്നതിന്റെ ഉദ്ദേശ്യം ബോധ്യപ്പെടേണ്ടതാണ്.

3. ആസിഡ് കൈവശം വച്ചിട്ടുള്ള എല്ലാ വില്പനക്കാരും ആസിഡിന്റെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

4. 18 വയസ്സിൽ താഴെ പ്രായമുള്ള വ്യക്തികൾക്ക് ആസിഡ് വിൽക്കാൻ പാടില്ല.

5. ആസിഡുകളുടെ വില്പനശാലകൾ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് പരിശോധിക്കേണ്ടതും സ്റ്റോക്കിൽ കൂടുതൽ ആസിഡ് കൈവശം വച്ചിരിക്കുന്നതായി കണ്ടാൽ അവ പിടിച്ചെടുക്കേണ്ടതും 50,000/- രൂപ വരെ പിഴ ഈടാക്കാവുന്നതുമാണ്.

6. മുകളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനത്തിന് 50,000/- രൂപ വരെ പിഴ ഈടാക്കാൻ ബന്ധപ്പെട്ട സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

വിവിധ ആവശ്യങ്ങൾക്കായി ആസിഡ് സൂക്ഷിക്കുകയും സംഭരിക്കുകയും ചെയ്യേണ്ടിവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ ലാബോറട്ടറികൾ, ആശുപത്രികൾ, സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങളുടെ വകുപ്പുകൾ എന്നിവ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്:-

i. ആസിഡുകളുടെ ഉപയോഗം രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് സബ് ഡിവിഷണൽ മജിസ്ട്രേറ്റിനു മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്.

ii. ആസിഡുകൾ കൈവശം വയ്ക്കുന്നതിനും, സുരക്ഷിതമായി സൂക്ഷിക്കുന്നതിനും ഉത്തരവാദിത്വപ്പെടുത്തി ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതാണ്.

iii. ആസിഡുകൾ ടി ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ സൂക്ഷിക്കേണ്ടതും ആസിഡ് സൂക്ഷിക്കുന്ന സ്ഥലം/ലാബോറട്ടറി എന്നിവിടങ്ങളിൽ നിന്ന് പുറത്തേക്ക് പോകുന്ന ആളുകളേയും, വിദ്യാർത്ഥികളെയും കർശന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചയോ ലംഘനമോ വരുത്തുന്നവർക്കെതിരെ അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

ആസിഡു മുഖേനയുള്ള ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്ക് കേന്ദ്ര, സംസ്ഥാന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ആശുപത്രികളും, സ്വകാര്യ ആശുപത്രികളും സൌജന്യ ചികിത്സ ലഭ്യമാക്കേണ്ടതും, വിവരം പോലീസിനെ അറിയിക്കേണ്ടതുമാണ്. ആസിഡ് ആക്രമണത്തിന് ഇരയാകുന്ന ആളുകൾക്ക് നഷ്ടപരിഹാരമായി സർക്കാരിൽ നിന്നും 3 ലക്ഷം രൂപയിൽ കുറയാത്ത തുകയ്ക്ക് അർഹതയുണ്ടായിരിക്കുന്നതും അതിൽ 1 ലക്ഷം രൂപ സംഭവം നടന്ന് 15 ദിവസത്തിനുള്ളിലും ബാക്കി തുക അതു കഴിഞ്ഞ് രണ്ടു മാസത്തിനുള്ളിലും നൽകുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഇ.കെ.ഭരത് ഭൂഷൺ**
**ചീഫ് സെക്രട്ടറി**

To

എല്ലാ വകുപ്പുകൾക്കും/വകുപ്പു മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ഹൈക്കോടതി രജിസ്ട്രാർക്ക് (കവറിംഗ് ലെറ്റർ സഹിതം)
ഗവർണറുടെ സെക്രട്ടറിയ്ക്ക് (കവറിംഗ് ലെറ്റർ സഹിതം)
എല്ലാ സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർക്കും
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ലാ ഓഫീസർ, കേരള ഹൗസ്, ന്യൂ ഡൽഹി
സ്റ്റേറ്റ് പോലീസ് ചീഫിന്
വെബ് & ന്യൂ മീഡിയ
ഡയറക്ടർ, ഐ&പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ